# ഗൂഢാലോചനപ്പൊള്ളത്തരാം വെളിപ്പെട്ടു

അരുൺ ജെയ്റ്റ്ലി,
പ്രതിപക്ഷ നേതാവ് (രാജ്യസഭ)

നുണയ്ക്കും സത്യത്തിനും തമ്മിൽ മൗലികമായ ഭേദമുണ്ട്. സത്യം ഒന്നിപ്പിക്കുന്നു. നുണ വൈരുദ്ധ്യം നിറഞ്ഞതാകും. 2002 ലെ ഗുജറാത്ത് കലാപത്തെ സംബന്ധിച്ച് നരേന്ദ്രമോദിയുടെ പ്രതിയോഗികൾ കെട്ടിച്ചമച്ച നുണയുടെ ഗൂഢാലോചനക്കാര്യത്തിൽ യഥാർത്ഥത്തിൽ സംഭവിച്ചതും അതാണ്.

ഇന്ത്യാ ചരിത്രത്തിലെ വേദനിപ്പിക്കുന്ന ഒരധ്യായമാണ് 2002 ലെ ഗുജറാത്ത് കലാപം. സബർമതി എക്സ്പ്രസിന്റെ കത്തിക്കലും തുടർന്നുണ്ടായ സംഭവങ്ങളും കലാപങ്ങളും ഏറെ വിലപ്പെട്ട ജീവനുകൾ നമുക്ക് നഷ്ടമാക്കി. ഏറെപ്പേർക്ക് പരിക്കേറ്റു, വസ്തുവകകൾക്ക് വൻ നാശമുണ്ടായി. ഖേദകരമെന്നു പറയാം, നരേന്ദ്രമോദി നയിച്ചിരുന്ന അന്നത്തെ സംസ്ഥാന സർക്കാരിനെതിരെ കലാപത്തിന് പിന്നിലെ ഗൂഢോലോചനയുടെ ഉത്തരവാദികളെന്ന കുറ്റപ്പെടുത്തൽ വന്നു. പക്ഷേ യാഥാർത്ഥ്യം മറിച്ചായിരുന്നു. ശിക്ഷയായും കരുതലിനും അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം ആകെ 1,00,488 ആയിരുന്നു. ഇന്ത്യയിൽ മുമ്പുണ്ടായിട്ടുള്ള മത-ജാതി സംഘർഷങ്ങളിൽ അറസ്റ്റിലായവരുടെ എണ്ണത്തിൽ ഏറ്റവും കൂടുതൽ സംഖ്യ ഇതാണ്. മറ്റ് ഏതു കലാപത്തിൽ കൊല്ലപ്പെട്ടതിനേക്കാളേറെ പേർ പോലീസ് വെടിവെയ്പിൽ കൊല്ലപ്പെട്ടു. 4272 കേസുകളെടുത്തു. 1168 കേസുകൾ തീർപ്പായി. നൂറുകണക്കിനു പേർ ശിക്ഷിക്കപ്പെട്ടു. ഈ കേസുകളിലെല്ലാം നടപടിയെടുത്തത് ഗുജറാത്ത് പോലീസ് തന്നെയാണ്.

2006 ൽ, അതായത് സംഭവത്തിന് നാലുവർഷം കഴിഞ്ഞാണ് ഗുജറാത്ത് പോലീസ് ഗൂഢാലോചന നടത്തിയെന്ന ആക്ഷേപം ഉയർന്നത്. സുപ്രീംകോടതി രൂപീകരിച്ച പ്രത്യേകാന്വേഷണ സംഘത്തിന് (എസ്ഐടി) ഒമ്പത് പ്രധാന കേസുകൾ കൈമാറി. സിബിഐ ഡയറക്ടറായിരുന്ന ഡോ.ആർ.കെ.രാഘവൻ തലവനായി ഗുജറാത്ത് കേഡറിൽ പെടാത്ത മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടതായിരുന്നു എസ്ഐടി. ഈ സംഘം അന്വേഷണം നടത്തി, ചിലരെക്കൂടി അറസ്റ്റ് ചെയ്ത് ഗുജറാത്ത് പോലീസ് തയ്യാറാക്കിയ കുറ്റപത്രത്തിൽ ചില്ലറ മാറ്റങ്ങൾ വരുത്തി. സുപ്രീംകോടതി എസ്ഐടിയുടെ കുറ്റപത്രം സ്വീകരിക്കുകയും അവരുടെ സേവനത്തെ പ്രശംസിക്കുകയും ചെയ്തു.

എസ്ഐടി റിപ്പോർട്ടുകളിലൊന്നിലും മുഖ്യമന്ത്രി നരേന്ദ്രമോദിയുടെയോ സർക്കാരിന്റെയോ പങ്കാളിത്തത്തിന് തെളിവില്ലായെന്നായപ്പോൾ 2006 ജൂൺ എട്ടിന് സാക്കിയ ജഫ്രി പുതിയൊരു ഹർജി സമർപ്പിച്ചു. അവരുടെ ആരോപണം മുഖ്യമന്ത്രിയും മറ്റ് 63 പേരും ചേർന്ന് ഭരണഘടനാ സ്തംഭനത്തിന് ഗൂഢാലോചന നടത്തിയെന്നും അങ്ങനെ സംസ്ഥാനത്ത് വൻ കലാപം ആസൂത്രണം ചെയ്തുവെന്നുമായിരുന്നു. മൂന്നുവർഷം മുമ്പ് 2003 ൽ രൂപം കൊടുത്ത നാനാവതി കമ്മീഷനു മുന്നിൽ ഇത്തരത്തിൽ ഒരു പരാതിയും ഉണ്ടായിട്ടേയില്ല. അവരുടെ പരാതിയിൽ സൂക്ഷ്മമായി നോക്കിയാൽ വലിയൊരു പങ്കും സത്യമില്ലാത്തതാണ്. പരാതിയുടെ സംഗ്രഹം ഇതായിരുന്നു, 2002 ഫെബ്രുവരി 27 ന് മുഖ്യമന്ത്രിയുടെ ഗാന്ധിനഗറിലെ വീട്ടിൽ നടന്ന യോഗത്തിൽ അന്തരിച്ച ഹരീൻ പാണ്ഡ്യയും അന്നത്തെ പോലീസ് സൂപ്രണ്ടായിരുന്ന സഞ്ജീവ് ഭട്ടും ഹാജരായിരുന്നുവെന്നും ഹിന്ദുക്കളുടെ ക്ഷോഭം പ്രകടിപ്പിക്കാൻ അവസരം കൊടുക്കണമെന്ന് യോഗത്തിൽ മുഖ്യമന്ത്രി ഉദ്യോഗസ്ഥർക്ക് സൂചന നൽകിയെന്നുമാണ്. എന്നാൽ, ഫോൺ സന്ദേശങ്ങൾ പരിശോധിച്ചപ്പോൾ ഹരേൻ പാണ്ഡ്യ അഹമ്മദാബാദിലായിരുന്നു, ഗാന്ധിനഗറിലെ യോഗത്തിലല്ല പങ്കെടുത്തതെന്ന് ബോധ്യമായപ്പോൾ അവർ ഈ പരാതിയിൽനിന്ന് പിന്മാറി. എസ്ഐടി യോഗത്തിൽ പങ്കെടുത്ത മുതിർന്ന എട്ട് ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തു. മുഖ്യമന്ത്രിയുടെ യോഗത്തിൽ സഞ്ജീവ് ഭട്ട് പങ്കെടുത്തിരുന്നില്ലെന്നും മുഖ്യമന്ത്രി അങ്ങനെ നിർദ്ദേശം നൽകിയില്ലെന്നും അവർ വ്യക്തമാക്കി. പരിശോധനകളിൽ രേഖകൾ വ്യക്തമാക്കിയത് സഞ്ജീവ് ഭട്ട് ആ സമയം അഹമ്മദാബാദിലായിരുന്നുവെന്നും മറിച്ച് ഗാന്ധിനഗർ യോഗത്തിൽ ഉണ്ടായിരുന്നുവെന്ന് തെളിയിക്കാൻ കൃത്രിമരേഖകൾ ഉണ്ടാക്കാൻ ശ്രമിക്കുകയായിരുന്നുവെന്നുമാണ്. സുപ്രീംകോടതി 2007 നവംബർ 27 ന് ഈ കാര്യവും അന്വേഷിക്കാൻ എസ്ഐടിയെ ചുമതലപ്പെടുത്തി. എസ്ഐടി ഗൂഢാലോചനക്കാരെന്ന് ആരോപിക്കപ്പെട്ട 63 പേരെയും പരിശോധിച്ചു. അവർ ഒമ്പതുമണിക്കൂർ മുഖ്യമന്ത്രിയെ ചോദ്യം ചെയ്തു. എല്ലാ അനുബന്ധരേഖകളും സാക്ഷികളേയും പരിശോധിച്ച 2011 ഏപ്രിൽ 24 ന് സുപ്രീംകോടതി കൊടുത്ത റിപ്പോർട്ടിൽ നരേന്ദ്രമോദിക്കെതിരെയുള്ള പരാതിയിൽ ഒരു കഴമ്പുമില്ലെന്ന് സുവ്യക്തമാക്കി. ഈ റിപ്പോർട്ടിലും സംതൃപ്തയാവാത്ത അവർ ഒരു അമിക്കസ് ക്യൂറി വേണമെന്ന് നിർബന്ധം പിടിച്ച് 2011 ഏപ്രിൽ 25 ന് അമിക്കസ് ക്യൂറി അദ്ദേഹത്തിന്റെ അഭിപ്രായം സമർപ്പിച്ചു. സിആർപിസി 17-ാം വകുപ്പ് പ്രകാരം മജിസ്ട്രേറ്റിന് മുന്നിൽ 2011 ഏപ്രിൽ 12 ന് റിപ്പോർട്ട് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. അമിക്കസ് ക്യൂറിയുടെ റിപ്പോർട്ട് സ്വീകരിക്കണമോ എന്നത് കോടതിയുടെ സ്വാതന്ത്ര്യമാണ്. മജിസ്ട്രേറ്റ് എല്ലാ തെളിവുകളും പരിശോധിച്ച് എതിർ ഹർജികളും വിശദമായ വാദങ്ങളും കേട്ട് അവസാനം നരേന്ദ്രമോദിക്കെതിരെയുള്ള കേസ് അവസാനിപ്പിച്ചു. സത്യം സംരക്ഷിക്കപ്പെട്ടു. മുഖ്യമന്ത്രിയെ കുറ്റക്കാരനാക്കാൻ നടത്തിയ ഗൂഢാലോചനയെന്ന കുറ്റകൃത്യം തുറന്നു കാട്ടപ്പെട്ടു.

മേൽപ്പറഞ്ഞ യാഥാർത്ഥ്യങ്ങൾ എതിർക്കാനാവാത്ത ചില നിഗമനങ്ങളിലേക്ക് നയിക്കുന്നു. കോൺഗ്രസ് പാർട്ടിക്കും അവർ സ്പോൺസർ ചെയ്യുന്ന ചില എൻജിഒകൾക്കും നരേന്ദ്രമോദിക്കെതിരെ രാഷ്ട്രീയപ്പോരാട്ടത്തിന് കഴിയില്ലെന്ന് വ്യക്തമാകുന്നു. അദ്ദേഹത്തെ അധിക്ഷേപിക്കാൻ സിബിഐയെയും എസ്ഐടിയേയും കോടതിയിൽ പരാതി നൽകുന്ന സംവിധാനത്തെയും മാധ്യമങ്ങളെയും വിനിയോഗിച്ചു. ഇതിലൊന്നിലും വിജയിച്ചില്ല. അവർ നടത്തിയ ഗൂഢ നുണപ്രചാരണങ്ങളിലും ഒട്ടേറെ പഴുതുകൾ ഉണ്ടായിരുന്നു. കോൺഗ്രസിന്റേയും ചില എൻജിഒകളുടെയും രാഷ്ട്രതന്ത്രത്തിൽ ചില ഉദ്യോഗസ്ഥരുടെ ചെറു സംഘവും ഉൾപ്പെട്ടു. അവർ

തെളിവുകൾ ചമച്ചു. സത്യത്തിനെതിരെയുള്ള ഗൂഢാലോചനയിൽ പങ്കുചേരാൻ ചില വെബ്സൈറ്റുകൾ സ്റ്റിംഗ് ഓപ്പ റേഷനുകൾവരെ നടത്തി.

ഈ എതിർപ്പുകൾക്കെല്ലാമിടയിലും നരേന്ദ്രമോദി രാഷ്ട്രീയമായി കൂടുതൽ കരുത്തനാകുന്നു. അദ്ദേഹം കിരാത മായ ജനക്കൂട്ടത്തെ, മാധ്യമങ്ങളിലെ എതിർപക്ഷത്തെ, ചില തൽപ്പരകക്ഷികളായ എൻജിഒകളെ എല്ലാം അഭിമുഖീ കരിച്ചു. പക്ഷേ, അദ്ദേഹം തന്റെ ലക്ഷ്യം മാറാതെ നോക്കി. അദ്ദേഹം ഗുജറാത്തിന്റെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീക രിച്ചു, അത് ഫലിച്ചു, അത് ജനങ്ങളോട് നേരിട്ടു സംവദിക്കുന്നതിൽ വിജയം കണ്ടു. അതിനാൽ 2002 ലും 2007 ലും 2012 ലും സംസ്ഥാന തെരഞ്ഞെടുപ്പുകളിൽ അദ്ദേഹം വിജയിച്ചു. ഒടുവിൽ, അദ്ദേഹത്തിന്റെ ജനപ്രിയതക്ക് കൂടുതൽ താങ്ങായിമാറി കോടതി വിധി. കോടതി, എസ്ഐടിയുടെ കണ്ടെത്തൽ അംഗീകരിച്ച് നരേന്ദ്രമോദിയെ കുറ്റവിമുക്ത നാക്കി. അദ്ദേഹത്തിനെതിരെ തെളിവു ചമച്ചവരെ കുറ്റപ്പെടുത്തി. പ്രചാരണങ്ങളിൽ കളങ്കിതനാകാത്തയാളായിട്ടാണ് 2014 ലെ പ്രചാരണത്തിന് അദ്ദേഹം ഇറങ്ങുക.

ഒരിക്കലും നിയമപരമായി സ്വീകാര്യമായ തെളിവുകൾക്ക് പകരംവക്കാനാവുന്നതല്ല പ്രചാരണങ്ങൾ.